# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത                28-10-2019 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 400

## വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി

**ചോദ്യം**

ശ്രീ.കെ. ആൻസലൻ :
ശ്രീ.ഡി.കെ. മുരളി :
ശ്രീ.ജോൺ ഫെർണാണ്ടസ് :
ശ്രീ.വി.ജോയി :

(എ) വിഴിഞ്ഞം പദ്ധതിയുടെ കരാർ പ്രകാരം ഈ വർഷം ഡിസംബറിൽ പൂർത്തീകരിക്കേണ്ട ആദ്യ ഘട്ടത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നും പദ്ധതി പൂർത്തീകരിക്കാൻ കമ്പനി കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ബി) ജെട്ടി, പുലിമുട്ട് എന്നിവയുടെ നിർമ്മാണ പുരോഗതിയും റെയിൽ-റോഡ് കണക്ടിവിറ്റി, ജലവിതരണം തുടങ്ങിയ അനുബന്ധ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ ;

**മറുപടി**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി)

(എ) കൺസഷൻ എഗ്രിമെന്റിന്റെ ഷെഡ്യൂൾ ജി ക്ലോസ് (6) ൽ ആണ് 03-12-2019 ൽ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുമെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. ക്ലോസ് (6) ൽ നിർമ്മാണ കാലാവധി നീട്ടി നൽകാനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത തീയതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയില്ല എന്ന് നിർമ്മാണ കമ്പനി രേഖാമൂലം അറിയിച്ചിട്ടില്ല. കൺസഷൻ കരാറിന്റെ ക്ലോസ് 35.5 പ്രകാരം മുൻകാലത്തുണ്ടായ പ്രളയം, ഓഖി എന്നീ കാരണങ്ങളാൽ നിർമ്മാണ കാലാവധി നീട്ടി നൽകണമെന്നുള്ള നിർമ്മാണ കമ്പനിയുടെ ആവശ്യം സ്വീകരിച്ചിട്ടില്ല.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി താഴെ കൊടുത്തിരിക്കുന്നു.

1. **പുലിമുട്ട് നിർമ്മാണം:** പുലിമുട്ട് (break water) നിർമ്മാണം 565 മീറ്റർ പൂർത്തീകരിച്ചു. കരാർ പ്രകാരം നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. സർക്കാരിന് ആവശ്യമായ അനുമതികൾ ലഭിക്കുന്നത് ത്വരിതപ്പെടുത്തുവാൻ മാത്രമേ സാധിക്കുകയുള്ളൂ. ടി നടപടികൾ സ്വീകരിച്ചുവരികയാണ്.

2. **ബെർത്ത് / ജെട്ടി നിർമ്മാണം:** ബെർത്തിന് ആവശ്യമായ മുഴുവൻ പൈലുകളും സ്ഥാപിക്കുകയും 4598 പ്രീകാസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരി-കരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീകാസ്റ്റ് യൂണിറ്റുകൾ ബെർത്തിൽ സ്ഥാപിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

3.**റെയിൽകണക്ടിവിറ്റി**: തുറമുഖത്തെ, തിരുവനന്തപുരം - നാഗർകോവിൽ റെയിൽ പാതയുമായി ബന്ധിപ്പിക്കുന്ന പദ്ധതി നടപ്പാക്കേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിനായി കൊങ്കൺ റെയിൽവെ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 10.8 കി.മി ദൈർഘ്യമുള്ള ടി

ലൈനിന്റെ 9.02 കി.മി. ഭൂമിക്കടിയിലൂടെയുള്ള ടണൽ വഴിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനുള്ള DPR ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുക- യാണ്. റെയിൽവെയുടെ അംഗീകാരം ലഭിക്കുന്നമുറക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കും.

4. **<u>റോഡ് കണക്ടിവിറ്റി:</u>** ദേശീയപാത 66 -മായി തുറമുഖത്തിനെ ബന്ധിപ്പിക്കുന്ന നാലുവരി റോഡിന്റെ നിർമ്മാണ ചുമതല നിർമ്മാണ കമ്പനിയ്ക്കാണ്. ആവശ്യമായ ഭൂമി സർക്കാർ ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ടി റോഡിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ജംഗ്ഷന്റെ വികസനത്തിനുള്ള ഡിസൈൻ NHAI യുടെ നിർദ്ദേശമനുസരിച്ച് NATPAC തയ്യാറാക്കിവരുന്നു.

5. **<u>ശുദ്ധ ജലവിതരണ പദ്ധതി:</u>** 3.3 ദശലക്ഷം പ്രതിദിനശേഷിയുള്ള ശുദ്ധജല വിതരണപദ്ധതി സംസ്ഥാന ജല അതോറിറ്റി (KWA) പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള വിതരണശൃംഖല വഴി തദ്ദേശവാസികൾക്ക് ഇതിൽ നിന്ന് ശുദ്ധജല വിതരണം നടത്തിവരുന്നു. തുറമുഖത്തിനാവശ്യമായ വെള്ളവും ടി പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്.

| | |
|---|---|
| (സി) പുനരധിവാസ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (സി) പദ്ധതിക്കുവേണ്ടി സ്ഥലം വിട്ടുതന്ന ഏതാണ്ട് മുഴുവൻ പേരേയും പുനരധിവസിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**